# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1772, 17.03.2015 ൽ മറുപടിക്ക്**

**'പെൻഷൻ പ്രായം'**

| | ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | ഉത്തരം<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ.ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വകുപ്പുകളിൽ / സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിൽ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദമാക്കമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെയുള്ള വകുപ്പുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട്.<br>1. 26.03.2012 ലെ സ.ഉ(അ)നം.183/12/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽ പ്രായം 56 വയസ്സായി ഉയർത്തിയിട്ടുണ്ട്. വിരമിക്കൽ പ്രായം 56 വയസ്സായി സർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഓരോ വകുപ്പും അവരുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കുന്നതിനായി നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യാനുസരണം ഭേദഗതികൾ വരുത്തേണ്ടതാണെന്ന് 10.10.2012 ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.<br>2. 24.02.2014 ലെ സ.ഉ(കൈ)18/14/മത്സ്യ നമ്പർ ഉത്തരവ് പ്രകാരം മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള അഡാക്കിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയിട്ടുണ്ട്.18.6.11 ലെ സ.ഉ.നം.62/11/മത്സ്യ പ്രകാരം കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി |

| | |
|---|---|
| | ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയിട്ടുണ്ട്. |
| 3 | മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 4 | തൊഴിൽ വകുപ്പിന് കീഴിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ വർക്കർമാരുടെ വിരമിക്കൽ പ്രായം 58 വയസ്സായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 5 | 30.06.2012 ലെ സ.ഉ(കൈ) 167/2012/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം കിറ്റ്സിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>16.01.2012 ലെ സ.ഉ(കൈ) 13/2012/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 6 | 30.03.2012 ലെ സ. ഉ (കൈ) നം.105/ 2012/എച്ച്& എഫ്.ഡബ്ല്യു.ഡി പ്രകാരം സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെ ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു. |
| 7 | 07.04.2012 ലെ സ. ഉ (കൈ) നം.107/ 2012/എച്ച്& എഫ്.ഡബ്ല്യു.ഡി പ്രകാരം ആയുർവേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു. |
| 8 | 09.04.2012 ലെ സ.ഉ (കൈ)നം.108/ 2012/എച്ച്&എഫ്.ഡബ്ല്യു.ഡി പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു. |
| 9 | 26.02.2014 ലെ സ. ഉ (കൈ) നം.31/ 2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 |

| | | | |
|---|---|---|---|
| | | | വയസായി വർദ്ധിപ്പിച്ചു. |
| | | 10 | 27.06.2014 ലെ സ. ഉ (കൈ) നം.74/ 2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു. |
| | | 11 | 04.01.2014 ലെ സ.ഉ (കൈ) നം.8/ 2014/ആ.ക.വ പ്രകാരം സർക്കാർ നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |
| | | 12 | 30.04.2014 ലെ സ.ഉ (കൈ) നം.131/ 2014/ആ.ക.വ പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |
| | | 13 | 30.05.2014 ലെ സ.ഉ (കൈ) നം.160/ 2014/ആ.ക.വ പ്രകാരം സർക്കാർ ഫാർമസി കോളേജുകളിലെ ഫാർമസി അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |
| | | 14 | 28.07.2012 ലെ സ.ഉ (കൈ) നം.134/ 2012/റ്റി.ഡി പ്രകാരം അഗ്രിക്കൾച്ചർ ഇൻകം ടാക്സും സെയിൽ ടാക്സും അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറിന്റെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |
| | | 15 | 31.10.2014 ലെ സ.ഉ(അ) നം.469/ 2014/ധന പ്രകാരം 01.04.2013 നോ അതിനു ശേഷമോ ജോലിയിൽ പ്രവേശിച്ച ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**